**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1622** **05-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി നാശവും നഷ്ടപരിഹാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഈ വർഷത്തെ വേനൽ മഴയിൽ ഉണ്ടായ കാർഷിക നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | കാർഷിക വിളകൾക്ക് ന്യായമായ വില കിട്ടാതെയും വിളകൾക്ക് നാശനഷ്ടം ഉണ്ടായതിനെ തുടർന്നും ബാങ്ക് വായ്പാ തിരിച്ചടവ് മുടങ്ങിയ കർഷകരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കാർഷിക ഉത്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി നിലവിൽ നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ 16 ഇനം പഴം പച്ചക്കറികളായ മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങു വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT യായി നൽകുന്നു.<br><br>പ്രകൃതി ക്ഷോഭം മൂലം വിളനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി മുഖേന വിള നാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും നൽകുന്നുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>കൂടാതെ കേന്ദ്രസർക്കാരുമായി സംയോജിച്ച് കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബിമ യോജന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്.<br><br>ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ച് വരുന്നുണ്ട്. |
| (സി) | അടുത്ത കാലത്ത് കടക്കെണിയും കൃഷി നാശവും മൂലം കർഷകർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (സി) | അടുത്ത കാലത്ത് കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ഉണ്ടായിരുന്നെങ്കിലും ആയത് കടക്കെണിയും കൃഷിനാശവും മൂലമാണ് സംഭവിച്ചതെന്ന് സ്ഥിരീകരിച്ചിട്ടില്ല. |
| (ഡി) | കർഷക ആത്മഹത്യകൾ തടയുന്നതിനായി ന്യായമായ നഷ്ട പരിഹാരമുൾപ്പെടെ ആശ്വാസ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉല്പാദന വർദ്ധനവിനും വിള വിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷിക ഉത്പന്ന സംഭരണവും കൂടാതെ അടിസ്ഥാന വില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായ കാരണങ്ങളാൽ ഉണ്ടാകുന്ന കൃഷിനാശം നേരിടാനായി സംസ്ഥാന കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിൻ മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും ഏർപ്പെടുത്തിയും കർഷക ക്ഷേമത്തിന് ഉതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും അതിലൂടെ കർഷക |

| | | | |
|---|---|---|---|
| | | | ആത്മഹത്യ തടയുക  എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ